പത്തൊമ്പത്

# മാനവികതയുടെ മാനിഫെസ്റ്റോ

## കെ.എൽ. മോഹനവർമ്മ

*സൗമ്യനായ ക്രിസ്തു ലോകം കണ്ടിട്ടുള്ളവരിൽ വച്ച് ഏറ്റവും മഹാനായ സത്യാഗ്രഹിയായിരുന്നു. ജറുസലേം ദേവാലയത്തിൽ നിന്ന് ക്രിസ്തു കള്ള ക്കച്ചവടക്കാരെ ആട്ടിപ്പായിച്ചു. കള്ള നാട്യക്കാരുടെയും പരീശന്മാരുടെയും മേൽ സ്വർഗ്ഗത്തിൽ നിന്ന് ഇടിത്തീ വീഴുമെന്ന് ആണയിട്ടു. അദ്ദേഹം ചെയ്തത് തീക്ഷ്ണമായ പ്രവർത്തി ആയിരുന്നു. കഠിനമായി ശാസിക്കു മ്പോഴും കറ കളഞ്ഞ വിനയവും സ്നേഹവും കാണിച്ചു. ശത്രുവിനുനേരെ ഭൗതികമായി ഒരു ചെറുവിരൽ ഉയർത്തിയില്ല; പക്ഷെ അവരെ സത്യത്തി ലേക്ക് ഉയർത്തുമ്പോൾ അദ്ദേഹം തന്നെത്തന്നെ ബലിയർപ്പിച്ചു...*

ഗാന്ധിജിയുടെ വാക്കുകളാണ് ഈ മേൽപ്പറഞ്ഞവ.

ചാവറയച്ചന്റെ ജീവിതം മഹാത്മാഗാന്ധിയുടേതുപോലെ തികച്ചും തുറന്ന സത്യാന്വേഷണ പരീക്ഷയായിരുന്നു. അടിയുറച്ച ദൈവവിശ്വാസവും സത്യ ത്തിന്റെയും നന്മയുടെയും ലാളിത്യത്തിന്റെയും മറ്റുള്ളവരുടെ വ്യഥകൾ ഏറ്റെ ടുക്കുന്ന സ്വയം പീഡനത്തിന്റെയും മൂർത്തീഭാവമായിരുന്നു ഇരുവരും.

രണ്ടായിരം വർഷം മുമ്പുണ്ടായിരുന്നതിൽ നിന്നു ലോകത്തിന്റെയും മാന വസമൂഹത്തിന്റെയും കാഴ്ച്ചപ്പാടുകൾക്ക് ഭൗതികത വരുത്തിയ മാറ്റങ്ങൾ അത്ഭുതവും ഭയവും ഉളവാക്കുന്നു. വ്യക്തിയിൽ നിന്നും സമൂഹത്തിലേക്കും നൈതികതയിലേക്കുമുള്ള മനുഷ്യന്റെ സംഘർഷമാണ് മനുഷ്യചരിത്രം. പൂർണ്ണത അസാദ്ധ്യമാണെന്നറിഞ്ഞിട്ടും നൈതികതയിലെത്താൻ നിരന്തരം പോരാടിയതാണ് ക്രിസ്തുവിന്റെ സത്യം. നന്മതിന്മകളെക്കുറിച്ചുള്ള, ശരി തെറ്റുകളെക്കുറിച്ചുള്ള ബോധം മതങ്ങൾ നൽകിയിരുന്നതിനെ ശാസ്ത്ര ത്തിന്റെ ചോദ്യം ചെയ്യാനുള്ള കഴിവുകൾ ഉലച്ചു. ശാസ്ത്രത്തിന്റെ മുന്നോ ട്ടുള്ള പ്രയാണം അതിവേഗമായപ്പോൾ അതിന്റെ ചതിക്കുഴികളെ കാട്ടി ക്കൊടുക്കാൻ മതമുൾപ്പെടെയുള്ള മറ്റു സ്വാധീനശക്തികൾക്കു കഴിഞ്ഞില്ല

എന്നതാണ് ഇന്ന് നാം നേരിടുന്ന ദുരന്തത്തിന്റെ മൂലകാരണം. ഭൗതികമായ സമ്പത്തോ അറിവോ ഇല്ലാത്ത ദരിദ്രരും, സ്വത്തും അറിവുമുള്ള ധനികരും തമ്മിലുള്ള വിടവു വർദ്ധിച്ച് അന്യോന്യം മനസ്സിലാക്കാനുള്ള കഴിവു പോലും നഷ്ടപ്പെടുന്ന നിലയിലേക്ക് നാം പതിക്കുകയാണ്.

ഇത് വ്യക്തികൾ തമ്മിൽ മാത്രമല്ല, രാഷ്ട്രങ്ങൾ തമ്മിലും സംഭവിച്ചു കഴിഞ്ഞു. ഇന്ന് നടക്കുന്ന അന്തഃരാഷ്ട്ര സമ്മേളനങ്ങളിലെ ചർച്ചകളും നിഗമനങ്ങളും സൂക്ഷ്മമായി പരിശോധിച്ചാൽ ഇത് നമുക്ക് മനസ്സിലാകും.

ആട്ടിടയന്മാരും വിദ്വാന്മാരുമാണ് ദൈവപുത്രന്റെ പിറവി അറിഞ്ഞ് കണ്ടു വന്ദിക്കാൻ ആദ്യം എത്തിയവർ. അവർ ചെന്നത് നട്ടെല്ലു വളച്ചാൽ മാത്രം അകത്തേക്കു കയറാൻ പാകത്തിലുള്ള ചുണ്ണാമ്പു കല്ലിൽ വെട്ടിയെടുത്ത ഗുഹയിലെ കാലിത്തൊഴുത്തിലായിരുന്നു. അഹന്ത ഇല്ലാതാക്കുക എന്നതായിരുന്നു ഈ പശ്ചാത്തലസൃഷ്ടിയുടെ കാരണം. പക്ഷെ ഇത് എവിടെ ചെന്നെത്തി? ദരിദ്രസമൂഹത്തിൽ നിന്ന് മെല്ലെ മനുഷ്യൻ അകന്നുപോയ കാഴ്ചപ്പാടുകളിലേക്കു നയിക്കുന്ന സ്ഥിതിയാണിന്ന്. ഇവിടെ സ്വാർത്ഥത്തിന്റെ പല തരം വേഷങ്ങൾ രംഗവേദി കൈയടക്കിയിരിക്കുകയാണ്. അന്യോന്യമുള്ള പഴിചാരലുകളിൽ അഭിരമിച്ച് എപ്പോഴും ആട്ടിടയന്മാർക്ക് എതിരായി ഉപയോഗിക്കാനായി വിദ്വാന്മാർ അധികാരം തങ്ങളുടെ കൈവശം വയ്ക്കുന്നു.

വാക്കിൽപോലും ആരോടും വൈരാഗ്യമില്ലായ്മ, ഭൗതികജീവിതപരിശുദ്ധി, കർമ്മഫലത്തിനോടുള്ള വിരക്തി, തിന്മയെ തിന്മകൊണ്ട് നേരിടാതെ സ്വയം സഹിക്കുക, ശത്രുവിനെ സ്നേഹിക്കുക എന്നീ അഞ്ചു കൽപ്പനകളാണ് ക്രിസ്തു ഗിരിപ്രഭാഷണത്തിൽ നൽകിയത്. ഇവയെല്ലാം ആട്ടിടയന്മാരെയും വിദ്വാന്മാരെയും തങ്ങൾ സമന്മാരാണെന്ന് ഓർമ്മിപ്പിക്കാനായിരുന്നു. തല കുനിച്ച് പുൽക്കൂടിലേക്ക് കയറാൻ വിദ്വാന്മാരെ നിർബന്ധിതരാക്കുന്ന സഹനരീതി സമൂഹത്തിന് പ്രാപ്തമാക്കാൻ വേണ്ടിയായിരുന്നു.

ഇതെങ്ങനെ സാദ്ധ്യമാകും?

ഈ ധ്യാനവിചാരം നമുക്കൊരു കൈത്തിരി കാട്ടുന്നുണ്ട്. നമുക്ക് ആ തിരിയുടെ വെളിച്ചം കാണാം. ആ തിരിയുടെ പ്രകാശവൃത്തം ചെറിയ ഒരു ബിന്ദുവാണ്. അതിനെ അവനവന്റെ രീതിയിൽ കാണാം. പൊട്ടു വെളിച്ചം മാത്രം കണ്ട് ഞാൻ എല്ലാം കണ്ടു വിജ്ഞനായി എന്ന് അഹങ്കരിക്കുന്നവർക്ക് അങ്ങിനെ സമാധാനിക്കാം. അതേ സമയം ഈ ലോകത്തിലെ സർവ ചരാചരങ്ങളെയും നമ്മുടെ ഭാഗമാക്കാൻ നമുക്കു പക്ഷെ ഈ തിരിയിലേക്ക് നമ്മുടെ ദൃഷ്ടികൾ ഏകാഗ്രമായി വയ്ക്കാൻ നമുക്കു ധൈര്യമുണ്ടാകില്ല. ആ ധൈര്യം കൈവരിക്കുന്നതു വരെ നാം ദൈവവിശ്വാസികളല്ല. വെറും ആരാധനച്ചടങ്ങുകളിലെ ജീവനില്ലാത്ത പാവകൾ മാത്രമാണ്.

എളുപ്പം മനസ്സിലാകുന്ന ഒരു സത്യം ഇതിന്റെ വിശദീകരണത്തിനായി പറയാം. നമുക്ക്, പ്രത്യേകിച്ചും കേരളീയർക്ക് ഏറെ പരിചിതമായ സത്യാഗ്രഹം എന്ന ഗാന്ധിജി കണ്ടെത്തിയ പ്രാർത്ഥനയുടെ, സ്വയം പീഡനത്തിന്റെ അടിസ്ഥാനവും ഇതേ അനുധ്യാനവിചാരം തന്നെയായിരുന്നു. എന്തു പെട്ടെന്ന് നാം ആ സത്യാഗ്രഹത്തിനെ വികലമാക്കി! ഈ മഹത്തായ ആശയത്തെ കളങ്കപ്പെടുത്തുന്ന റിലേ സത്യാഗ്രഹങ്ങളും മണിക്കൂറുകൾ മാത്രം നീണ്ടു നിൽക്കുന്ന നിരാഹാരസമരവും എല്ലാം സമചിത്തതയോടെ നാം ചെയ്യുന്നു. അംഗീകരിക്കുന്നു. നാം എത്രമാത്രം ആട്ടിടയന്മാരിൽ നിന്നും അകന്ന വിദ്വാന്മാരുടെ വലയിൽ പതിച്ചു എന്നതിന്റെ ഏറ്റവും നല്ല ഉദാഹരണമാണിത്. തല കുനിച്ച് പുൽക്കൂടിലേക്ക് കയറാൻ വിദ്വാന്മാരെ നിർബ്ബന്ധിതരാക്കുന്ന സഹനരീതി സമൂഹത്തിൽ നിന്ന് ഇല്ലാതായിരിക്കുന്നു. പ്രാർത്ഥന വെറും അധരത്തിനപ്പുറത്തേക്ക് എത്തുന്നില്ല.

യഥാർത്ഥമായ ആരാധന സമഗ്രവ്യക്തിയുടേതാണ്. അത് അധരസേവയല്ല. തിരുവചനം പകർന്നു തരുന്ന ആരാധനയുടെ ഭാവങ്ങൾ ചാവറ ദർശനങ്ങളുടെ അന്തസ്സത്ത നമുക്കു സാക്ഷിപ്പെടുത്തുന്നു. പരിശുദ്ധമായ ജീവിതമാണ് ദൈവത്തിനു നൽകാവുന്ന ഏറ്റവും വലിയ ആരാധന. ദൈവം ആവശ്യപ്പെടുന്ന പരിപൂർണ്ണതയും പരിശുദ്ധിയും ഹൃദയപരിവർത്തനത്തിലൂടെ, ജീവിത നവീകരണത്തിലൂടെയാണ് നേടേണ്ടത്. ജീവിതനവീകരണത്തിനും ദൈവത്തിങ്കലേക്കുള്ള ഹൃദയപരിവർത്തനത്തിനും ഏറ്റവും ആവശ്യമായത് ദൈവത്തിന്റെ കാരുണ്യത്തെയും സ്നേഹത്തെയും കുറിച്ചുള്ള അവബോധമാണ്, അനുസ്മരണയാണ്.

ചാവറയച്ചന്റെ ജീവിതം യഥാർത്ഥമായ ആരാധനയുടെ മൂർത്തീഭാവം ആയിരുന്നു. ദൈവികകാരുണ്യത്തിന്റെ അനുസ്മരണവും ഈ യുഗത്തിന് അനുരൂപമാകാതെയുള്ള ഹൃദയത്തിന്റെ നവീകരണവും ദൈവിക തിരുമനസ്സ് നിറവേറ്റലുമാണ് യഥാർത്ഥജീവിതം എന്നു ചാവറയച്ചന്റെ ദർശനങ്ങളുടെ അനുധ്യാനവിചാരത്തിലൂടെ ബോദ്ധ്യപ്പെടുത്തുന്നു.

ഇന്ന് ലോകം ഒരു വലിയ പൊട്ടിത്തെറിയുടെ വക്കിലാണ് നിലകൊള്ളുന്നത്. യുദ്ധത്തിന്റെ പൊട്ടിത്തെറിയല്ല. ലോകമഹായുദ്ധങ്ങളുടെ കാലം കഴിഞ്ഞു. ഫാസിസവും കമ്മ്യൂണിസവും ഏകാധിപത്യവും അസ്തമിക്കുകയാണ്. മതവിശ്വാസത്തിനും പോറൽ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ശാസ്ത്രം നമ്മുടെമേൽ പൂർണ്ണമായ ആധിപത്യം നേടിക്കൊണ്ടിരിക്കുന്നു. ഇത് മാനവസമൂഹം ഇന്നുവരെ സ്വപ്നം കണ്ടിട്ടുപോലുമില്ലാത്ത ഒരു സ്ഫോടനമാണ്. ഇരുപത്തൊന്നാം നൂറ്റാണ്ടിലെ ആദ്യ ദശകം തന്നെ ലോകത്തിന് വരുത്തിയ മാറ്റങ്ങളുടെ ഒരു ചെറിയ പതിപ്പു കാണാൻ നാം എങ്ങും പോകേണ്ട. ചുറ്റും നോക്കിയാൽ മതി. ശാസ്ത്രസാങ്കേതികരംഗത്തെ

നവം നവങ്ങളായ കണ്ടുപിടുത്തങ്ങളെ നമ്മുടെ കുഞ്ഞുങ്ങൾ സ്വാംശീകരിക്കുന്ന രീതി ശ്രദ്ധിച്ചാൽ മതി.

ലോകത്തെല്ലായിടത്തും എട്ടു മാസം പ്രായമുള്ള കുഞ്ഞ് ആദ്യമായി ആരും പ്രോംപ്റ്റ് ചെയ്യാതെ ആദ്യം ഉച്ചരിക്കുന്ന ശബ്ദം അമ്മയെ വിളിക്കുന്ന 'മ' യാണ്. മമ്മി, മാതാ, മാം, അമ്മ, എന്തുമാകാം. പക്ഷെ ഇപ്പോൾ ഒന്നു സൂക്ഷിച്ചുനോക്കൂ. 'മ' മെല്ലെ മാറി 'ലോ' ആകുകയാണ്. സെൽ ഫോണിലെ ഹലോയുടെ ലോ. ഇത് വെറും തമാശയായി കരുതരുത്. ഒന്ന് ശ്രദ്ധിക്കൂ. ഈ മാറ്റം നാം കാണാതിരിക്കരുത്.

പരമ്പരാഗതരീതിയിലുള്ള അക്രമവും മത്സരവും പോലും ഇല്ലാതാക്കുന്ന തരത്തിൽ ശാസ്ത്രവും സങ്കേതിക രംഗത്തെ കണ്ടുപിടുത്തങ്ങളും മാനവ സമൂഹം ഇന്നുവരെ അചഞ്ചലമെന്നു കരുതിയിരുന്ന എല്ലാ സമവാക്യങ്ങളെയും തൂത്തെറിഞ്ഞുകൊണ്ടിരിക്കുകയാണ്. തത്വശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, രാഷ്ട്രീയം, നീതിവ്യവസ്ഥ, സാമൂഹ്യശാസ്ത്രം, എന്നുവേണ്ട, ഭാഷയും കണക്കും കലയും പോലും ഇന്ന് അനുദിനം പുതിയ അർത്ഥതലങ്ങളിലേക്കും രൂപങ്ങളിലേക്കും മാറിക്കൊണ്ടിരിക്കുകയാണ്. രാഷ്ട്രങ്ങളുടെ അതിർത്തികൾ മായുന്നു. മതങ്ങൾക്കുപോലും ആചാരങ്ങളുടെയോ ദൈവനാമത്തിന്റെയോ ശക്തിയിൽ ശാസ്ത്രം നൽകുന്ന അറിവിനെയും സ്വാതന്ത്ര്യത്തെയും തടഞ്ഞു നിർത്തി സ്വന്തം അസ്തിത്വം എത്ര കണ്ട് നിലനിർത്താനാകുമെന്ന് പ്രവചിക്കാൻ നിവർത്തിയില്ല. മനുഷ്യന്റെ ഏറ്റവും വലിയ കണ്ടുപിടിത്തങ്ങളായിരുന്നു അക്ഷരങ്ങളിലൂടെയുള്ള അറിവു പകരലും പത്തക്കങ്ങളെ അടിസ്ഥാനമാക്കിയ ഗണിതവും. ഇന്ന് വെബ്സൈറ്റുകളും ബൈനറി മാത്ത്സും ജെനറ്റിക് ടെക്നോളജിയും അനുദിനം കൊണ്ടുവരുന്ന പുതിയ പുതിയ കണ്ടുപിടുത്തങ്ങളിലൂടെ മനുഷ്യന് നൽകുന്ന സുതാര്യതയും സ്വാതന്ത്ര്യവും സമൂഹത്തിൽ ശാരീരികമായും മാനസികമായും ആത്മീയമായും പുതിയ സമവാക്യങ്ങൾ സൃഷ്ടിച്ചു കൊണ്ടേയിരിക്കും. മാനവസമൂഹത്തിന്റെ നിലനിൽപ്പിന്റെയും പുരോഗതിയുടെയും അടിസ്ഥാനശിലയായിരുന്ന കുടുംബം എന്ന സങ്കൽപ്പത്തിനു പോലും ഇന്ന് ഉലച്ചിൽ വന്നുകൊണ്ടിരിക്കുകയാണ്. ശരി തെറ്റുകൾക്കും നന്മതിന്മകൾക്കും പുതിയ രൂപങ്ങൾ വരികയാണ്. ഈ ഭവിഷ്യത്തിനെ നിർഭയമായി അഭിമുഖീകരിക്കാൻ നമുക്കുവേണ്ടത് മതചിന്തകളിലും, അയൽപക്കങ്ങളുമായുള്ള സമവാക്യങ്ങളിലും തികച്ചും വിപ്ലവകരമായ ഒരു പുതിയ കാഴ്ചപ്പാടാണ്.

ദൈവവും പോലീസും അയൽക്കാരുമാണ് മനുഷ്യനെ നല്ലവനാക്കുന്നതെന്നാണ് കഴിഞ്ഞ നൂറ്റാണ്ടിൽ ലോകം കണ്ട പ്രഗത്ഭചിന്തകരിൽ മുമ്പനായ ബർട്രൻഡ് റസ്സൽ പറയുന്നത്. പോലീസ് എന്നത് സ്റ്റേറ്റാണ്. യൂറോപ്യൻ രാഷ്ട്രങ്ങൾ ശക്തി പ്രാപിച്ച് ലോകാധിപത്യത്തിനായി കപ്പലിറക്കാൻ

തുടങ്ങിയകാലത്തിനു മുമ്പു ക്രിസ്തുമതം യൂറോപ്പിനെ കീഴടക്കിയിരുന്നു. മാർപ്പാപ്പയുടെ ശക്തമായ ദൈവികാധികാരം രാഷ്ട്രത്തലവന്മാരുടെ നില നിൽപ്പിനെപ്പോലും ബാധിച്ചു. ദൈവവും പോലീസും ഏകദേശം ഒന്നായി. രാജാക്കന്മാരെ തീർച്ചപ്പെടുത്തുന്ന പ്രക്രിയ മതനേതൃത്വം കൈകാര്യം ചെയ്തു. പടിഞ്ഞാറെ കടലിനപ്പുറത്താണ് സമ്പത്ത് കൂടുതലുള്ള രാജ്യ മെന്ന് അറിയാമിയിരുന്ന മാർപ്പാപ്പ അത്‌ലാന്റിക് സമുദ്രത്തിലെ സെന്റ് വർദെ ദ്വീപിന് പടിഞ്ഞാറുള്ള ലോകം മുഴുവൻ അന്നത്തെ തന്റെ പ്രിയങ്കരരായ സ്പെയിനിനും, കിഴക്കു ഭാഗം തന്റെ രണ്ടാമത്തെ ഇഷ്ടക്കാരായ പോർത്തു ഗലിനും വീതിച്ചു കൊടുത്തു. ഭൂമി ഉരുണ്ടതാണെന്ന വസ്തുത അദ്ദേഹം അംഗീകരിച്ചിരുന്നില്ല. അതുകാരണം അമേരിക്ക കണ്ടുപിടിച്ചത് കൊളംബസ് ആയി. വാസ്കോഡി ഗാമ ആയിരുന്നില്ല. ഇന്ത്യ സ്പാനിഷ് കോളനിയുമാ യില്ല.

മാനവസമൂഹത്തിന്റെ നാം അറിയുന്ന ചരിത്രം വിജയികൾക്കുവേണ്ടി വിജയികളാൽ രചിക്കപ്പെട്ടവയാണ്. അവയുടെ ആധികാരികതയെ വിഷമി പ്പിക്കുന്ന ചോദ്യങ്ങളിലൂടെ വർത്തമാന തലമുറകൾ തള്ളിക്കളയാതിരിക്കാ നായി അദൃശ്യനായ ദൈവത്തിന്റെ പ്രകടമായ സാന്നിദ്ധ്യം ഓരോ ചരിത്ര സംഭവങ്ങളിലും ഉണ്ടായിരുന്നതായി വിജയികൾ വിശ്വസിച്ചിരുന്നു. ഭയം, വിശ്വാസം, അനുസരണ ഒപ്പം അതിന് ബലം നൽകാനായി ആചാരങ്ങളും ശാസ്ത്രം പുതിയ പുതിയ കണ്ടുപിടുത്തങ്ങളിലൂടെ ദൈവസങ്കൽപ്പത്തെ പിടിച്ചുലയ്ക്കാൻ തുടങ്ങുന്നുണ്ടെങ്കിലും നമുക്കിഷ്ടം ചന്ദ്രനിലേക്ക് പോകുന്ന പേടകം ബഹിരാകാശത്തേക്കയക്കുന്നതിനു മുമ്പ് വിളക്കു കൊളുത്തി ഗണപതിക്കു തേങ്ങയടിച്ച് അനുഗ്രഹം വാങ്ങുന്നതിലാണ്. പ്രേമാഭ്യർത്ഥനയുമായി കാമുകിയെ നേരിടാൻ തയ്യാറാകുന്നതിനു മുമ്പ് കണ്ണടച്ച് ഒരു നിമിഷം കുരിശുവരച്ച് പ്രാർത്ഥിക്കുന്നതിലാണ്.

തുടക്കം മുതൽ മനുഷ്യന് ഇതു തന്നെയായിരുന്നു സ്ഥിതി. മിന്നലും വെള്ളിടിയും ഇരുട്ടും ഉയർത്തിയ ഭയം കാരണമാണ് ആദിമമനുഷ്യൻ ദൈവത്തെ സൃഷ്ടിച്ചത്. ദൈവത്തിന് പക്ഷെ ഓരോ സംസ്കൃതിയിലും അവരവരുടെ ഭൂമിശാസ്ത്രപരമായ വൈവിദ്ധ്യവും പ്രത്യേകതകളും അനു സരിച്ചുള്ള ഭിന്നരൂപങ്ങളായിരുന്നു. കാലക്രമത്തിൽ സ്ഥാപനവത്ക്കരിക്ക പ്പെട്ട മതം സംസ്കൃതിയുടെ ചട്ടക്കൂട് ഏറ്റെടുത്തപ്പോൾ ദൈവത്തിന് തങ്ങ ളുടേതായ രൂപവും പെരുമാറ്റച്ചട്ടവും നൽകി. അത് അന്നുവരെ നിലനിന്നി രുന്ന വിഭിന്ന സംസ്ക്കാരങ്ങളെ പാർശ്വവത്കരിച്ചു. പലയിടത്തും ഭൂമുഖ ത്തുനിന്നും സംസ്കൃതികളുടെ സ്വത്വത്തെ നിർമ്മാർജ്ജനം ചെയ്തു.

ലോകത്തിൽ ക്രിസ്തുവിനു മുമ്പ് നിലനിന്നിരുന്നതായി കാണപ്പെടുന്ന നാൽപ്പതിയൊമ്പത് സംസ്കൃതികളാണ് ഇന്നുവരെ കണ്ടുപിടിക്കപ്പെട്ടി ട്ടുള്ളത്. മെസപ്പെട്ടോമിയൻ, മോഹൻജദാരോ, സിന്ധു, റോമൻ, ഗ്രീക്ക്,

ചൈനീസ്, ലെവാന്ത്, ഏജിയൻ, ഈജിപ്ത്, കുശ്, ആക്സം, നോർട്ടെചിക്കോ, ഒൽമെക്ക്, സ്പോട്ടെക്ക്, മായൻ തുടങ്ങിയവയാണ് ഇവ. ഇവയിൽ മിക്കവാറും എല്ലാം തന്നെ മതങ്ങളുടെ ശക്തമായ ആവിർഭാവത്തോടെ സ്വത്വം നഷ്ടപ്പെട്ട് സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അപ്രത്യക്ഷമായി. പഴയകാലത്തെ പാശ്ചാത്യസംസ്ക്കാരങ്ങളിൽ ഏറ്റവും ഉന്നതിയിൽ കണ്ടിരുന്ന ഗ്രീക്ക് റോമൻ സംസ്കൃതികൾ ഏതൻസിലെ കൂറ്റൻ കളിക്കളങ്ങളുടെ അവശിഷ്ടങ്ങളിലും റോമാ നഗരത്തിലെ മ്യൂസിയങ്ങളിലുമായി വിനോദസഞ്ചാരികളുടെ പ്രദർശന വസ്തുക്കളായി മാറിയിരിക്കുന്നത് ഇതിന്റെ നല്ല ഉദാഹരണമാണ്.

ലോകത്തിലെ മൂന്നിലൊന്നു ആൾക്കാരും ക്രിസ്തുമതാനുയായികളാണ്. വ്യവസ്ഥാപിത മതങ്ങളിൽ ഏറ്റവും വലുത് ക്രിസ്തുമതമാണ്. അതേസമയം ഇത്രയധികം വ്യത്യസ്ഥ വിഭാഗങ്ങളും സഭകളും മറ്റൊരു മതത്തിലുമില്ല താനും. ആധുനിക ലോകത്തിന്റെ ഭൗതിക പുരോഗതിയിൽ മാർഗ്ഗദർശനം നടത്തിയ ക്രിസ്തുമതം സ്വാഭാവികമായും പലതരം വ്യത്യസ്ത ചിന്തകൾക്ക് ഇരയായതിൽ അത്ഭുതമില്ല.

ക്രിസ്തു മതത്തിന്റെ മൂന്നു പ്രബലവിഭാഗങ്ങളും, 1054 ൽ വേർപിരിഞ്ഞ റോമൻ കത്തോലിക്ക് സഭയും, പൗരസ്ത്യ ഓർത്തഡോക്സ് സഭയും, പതിനാറാം നൂറ്റാണ്ടിൽ ജന്മമെടുത്ത പ്രൊട്ടസ്റ്റന്റ് സഭകളും, ഇവകൂടാതെയുള്ള അനേകം ചെറു ചെറു വിഭാഗങ്ങളും കേരളത്തിന്റെ തനതെന്നു പറയാവുന്ന മലങ്കര സുറിയാനി സഭയും എല്ലാം തന്നെ അവരുടെ ആത്മീയവും ഭൗതികവുമായ പ്രവർത്തന ശൈലിയിലും അന്യോന്യമുള്ള ഒരുമയില്ലായ്മയിലും അക്രൈസ്തവർക്ക് മാത്രമല്ല, സ്വതന്ത്രചിന്തകളുള്ള വിശ്വാസികൾക്കു പോലും അസ്വസ്ഥത ഉണ്ടാക്കുന്നുണ്ട്. ഈ അസ്വസ്ഥത കുറയ്ക്കാൻ ചാവറയച്ചന്റെ ദർശനങ്ങൾ ഏതുവിധം പ്രയോജനകരമായി എന്നു നാം അപഗ്രഥിക്കണം. സഭയുടെ ഐക്യം ജീവിതത്തിലെ പരമോന്നതവും സർവോൽകൃഷ്ടവുമായി ചാവറയച്ചൻ പരിഗണിച്ചിരുന്നു. ഈ ഐക്യത്തിനെ അദ്ദേഹം പല തലങ്ങളിലാണ് വീക്ഷിച്ചത്. വിശുദ്ധ പത്രോസിന്റെ പിൻഗാമിയായ മാർപ്പാപ്പയോടുള്ള ഐക്യം, നിയമാനുസൃത അധികാരികളായ ലത്തീൻ മെത്രാന്മാരോടുള്ള ഐക്യം, അകത്തോലിക്കരായ യാക്കോബായക്കാരോടുള്ള ഐക്യം, സഭാംഗങ്ങൾ തമ്മിലുള്ള ഐക്യം എല്ലാം പരമമായ വിശ്വാസത്തിലും അതിൽ നിന്നും ഉണ്ടാകുന്ന മാനവികതയിലും അധിഷ്ഠിതമായ ഐക്യം തന്നെയാണെന്ന് അദ്ദേഹം വിശ്വസിച്ചു. ഇന്ന് ഏറ്റവും പ്രസക്തമായ ദർശനങ്ങളാണിവ. അവ വളരെ ഗൗരവമായി പഠിക്കേണ്ട കാലഘട്ടമാണിത്.

■